**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 366** **23-08-2022 - ൽ മറുപടിയ്ക്ക്**

**നഗരസഭകളാക്കിയ ഗ്രാമപഞ്ചായത്തുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ 2011-16 കാലയളവിൽ പുതുതായി എത്ര ഗ്രാമപഞ്ചായത്തുകളാണ് നഗരസഭകളാക്കി മാറ്റിയതെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിൽ 2011-16 കാലയളവിൽ 28 ഗ്രാമപഞ്ചായത്തുകളാണ് നഗരസഭകളാക്കി മാറ്റിയത്. |
| (ബി) | നഗരസഭകളാക്കിയ ഗ്രാമപഞ്ചായത്തുകളിലെ താമസക്കാർ നികുതി ഘടനയിലും ഇതര നിയന്ത്രണങ്ങളിലും വന്ന മാറ്റം കാരണം ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായും ലഭിച്ചുകൊണ്ടിരുന്ന പല ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നതായും ഉന്നയിച്ചു കൊണ്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഗ്രാമപഞ്ചായത്തുകളെ നഗരസഭകളാക്കി മാറ്റുന്നത് കൊണ്ട് എന്തെങ്കിലും നേട്ടം പ്രത്യേകമായി ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. ഗ്രാമപഞ്ചായത്തുകളെ നഗരസഭകളാക്കി മാറ്റുമ്പോൾ കൂടുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും നിലവിൽ വരികയും കൂടുതൽ ഗ്രാന്റുകളും ഫണ്ടുകളും ലഭ്യമാവുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ